©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 14<br>Vol. XIV | തിരുവനന്തപുരം,<br>ബുധൻ<br>Thiruvananthapuram,<br>Wednesday | 2025 ജനുവരി 08<br>08th January 2025<br>1200 ധനു 24<br>24th Dhanu 1200<br>1946 പൌഷം 18<br>18th Pousha 1946 | നമ്പർ<br>No. 66 |

### കേരള സർക്കാർ

വ്യവസായ (ബി) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 48/2024/വ്യവ. *തിരുവനന്തപുരം, 2024 ഡിസംബർ 13*

**എസ്. ആർ. ഒ. നമ്പർ 30/2025** *1200 വൃശ്ചികം 28*

*1946 അഗ്രഹായനം 22.*

2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ ആക്റ്റിന്റെ (2019-ലെ 16) 14-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് 2020 ജനുവരി 6-ാം തീയതിയിലെ സ. ഉ. (അച്ചടി) നമ്പർ 2/2020/വ്യവ. ഉത്തരവുപ്രകാരം പുറപ്പെടുവിച്ചതും 2020 ജനുവരി 6-ാം തീയതിയിലെ 43-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

എസ്.ആർ.ഒ. നമ്പർ 12/2020 ആയി പ്രസിദ്ധീകരിച്ചതുമായ 2020-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ ചട്ടങ്ങൾ വീണ്ടും ഭേദഗതി ചെയ്യുന്നതിനായി കേരള സർക്കാർ, ഇതിനാൽ, താഴെപ്പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:—

**ചട്ടങ്ങൾ**

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2024-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങളുടെ ഭേദഗതി.—2020-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ ചട്ടങ്ങളിൽ,—

(1) "കൈപ്പറ്റ് സാക്ഷ്യപത്രം" എന്ന വാക്ക് വരുന്നിടത്തെല്ലാം അതിന് പകരം "തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രം" എന്ന വാക്ക് തദനുസൃതമായി ചേർക്കേണ്ടതാണ്.

(2) 2-ാം ചട്ടം (1)-ാം ഉപചട്ടത്തിലെ (സി) ഖണ്ഡത്തിനുശേഷം, താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

(ഡി) "പദ്ധതിചെലവ്" എന്നതിൽ പദ്ധതിക്കുള്ള ഭൂമി, കെട്ടിടം, പ്ലാന്റും മെഷിനറിയും, പലവക വസ്തുക്കൾ എന്നിവയുടെ മൂല്യം, യാദൃശ്ചിക ചെലവുകൾ, പ്രാരംഭത്തിലോ തുടങ്ങുന്നതിന് മുൻപോ ഉള്ള ചെലവുകൾ, പ്രവർത്തന മൂലധനത്തിനുവേണ്ട മാർജിനൽ മണി എന്നിവ ഉൾപ്പെടുന്നതാകുന്നു".

(3) 3(എ) ചട്ടത്തിൽ "പ്രോജക്റ്റ് കോസ്റ്റിന്റെ" എന്ന വാക്കിനു പകരം "പദ്ധതിചെലവിന്റെ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(4) 5-ാം ചട്ടത്തിൽ "മൂന്ന് വർഷത്തേക്ക്" എന്ന വാക്കുകൾക്ക് പകരം, "മൂന്ന് വർഷവും ആറ് മാസവുമായ കാലയളവിലേക്ക്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(5) ഫാറം II-ൽ, ക്രമനമ്പർ (2)-ൽ “ബി” ഇനത്തിൽ, “മൂന്ന് വർഷത്തേക്ക്” എന്ന വാക്കുകൾക്ക് പകരം “മൂന്ന് വർഷവും ആറ് മാസവുമായ കാലയളവിലേക്ക് ” എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(6) ഫാറം ‘1 ബി’-യ്ക്ക് താഴെയുള്ള “സാക്ഷ്യപത്രം” എന്ന ശീർഷകത്തിന് കീഴിലെ, (V)-ാം ഇനത്തിൽ “പ്രോജക്റ്റുകളുമായി” എന്ന വാക്കിനു പകരം “പദ്ധതികളുമായി” എന്ന വാക്ക് ചേർക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

എ.പി.എം. മുഹമ്മദ് ഹനീഷ്, ഐ. എ. എസ്.,
*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാകുന്നു.)

2020-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ ചട്ടങ്ങൾ, 2020 ജനുവരി 6-ാം തീയതിയിലെ സ. ഉ. (അച്ചടി) നമ്പർ 2/2020/വ്യവ. ഉത്തരവ് പ്രകാരം പുറപ്പെടുവിക്കുകയും 2020 ജനുവരി 6-ാം തീയതിയിലെ 43-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 12/2020 ആയി പ്രസിദ്ധീകരിക്കുകയും ചെയ്തു. വ്യവസായവും ധാതുക്കളും സംബന്ധിച്ച വിഷയനിർണ്ണയസമിതി പ്രസ്തുത ചട്ടങ്ങളിൽ “പദ്ധതിചെലവ്” എന്നതിന് നിർവ്വചനം നൽകണമെന്നും, പദ്ധതിചെലവിൽ എന്തൊക്കെയാണ് ഉൾപ്പെടുന്നത് എന്നതിന് വ്യക്തത വരുത്തണമെന്നും ശുപാർശ ചെയ്തിരുന്നു. കൂടാതെ, 2019-ലെ കേരള സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ ആക്റ്റിൽ വന്ന ഭേദഗതികൾക്കനുസരിച്ച് ആവശ്യമായ മാറ്റങ്ങൾ ചട്ടങ്ങളിൽ ഉൾക്കൊള്ളിക്കുന്നതിനുമായി പ്രസ്തുത ചട്ടം ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# GOVERNMENT OF KERALA

**Industries (B) Department**

NOTIFICATION

G. O. (P) No. 48/2024/ID. *Dated, Thiruvananthapuram, 13th December, 2024*
*28th Vrischikam, 1200*
*22nd Agrahayana, 1946.*

**S. R. O. No. 30/2025**

In exercise of the powers conferred by section 14 of the Kerala Micro Small and Medium Enterprises and other Enterprises Facilitation Act, 2019 (16 of 2019), the Government of Kerala hereby make the following rules further to amend the Kerala Micro Small Medium Enterprises and Other Enterprises Facilitation Rules, 2020 issued by notification under G. O. (P) No. 2/2020/ID dated 6th January, 2020 and published as S.R.O. No.12/2020 in the Kerala Gazette Extraordinary No. 43 dated 6th January, 2020, namely:—

RULES

1. *Short title and commencement*.—(1) These rules may be called the Kerala Micro Small Medium Enterprises and Other Enterprises Facilitation (Amendment) Rules, 2024;

(2) They shall come into force at once.

2. *Amendment of the Rules*.—In the Kerala Micro Small Medium Enterprises and Other Enterprises Facilitation Rules, 2020,—

(1) wherever the words "acknowledgment certificate" occurs the words and symbol, "Certificate of in principal approval" shall be substituted according to its context.

(2) after clause (c) of sub-rule (1) of rule 2, the following clause shall be inserted, namely:—

"(d) "project cost" shall include the value of land, building, plant and machinery, miscellaneous articles, contingent expenses, commencement or post-operative expenses, and marginal money for working capital of the project".

(3) in rule 5, for the words "three years" the words "three years and six months" shall be substituted.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(4) in form II in serial number 2, in item (b) for the words “three years” “three years and six months” shall be substituted.

By order of the Governor,

A.P.M. MOHAMMED HANISH, I.A.S.,
*Principal Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

The Kerala Micro Small Medium Enterprises and Other Enterprises Facilitation Rules, 2020 was issued under G. O. (P) No. 2/2020/ID. dated 6th January, 2020 and published as S. R. O. No. 12/2020, in the Kerala Gazette Extraordinary No. 43 dated 6th January, 2020. Subject Committee (Industries and Minerals) suggested to give definition to the term ‘project cost’ and also to specify what will be included in the project cost. The Government have decided to amend the said rules as suggested by the Subject Committee and also to incorporate necessary changes in the rules in accordance with the latest amendment to the Kerala Micro Small and Medium Enterprises and Other Enterprises Facilitation Act, 2019.

The notification is intended to achieve the above object.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.01.08 04:15:27 +05:30